ഉത്തരം

(എ) 5-3-1994-ൽ ഒബ്ജക്ടീവ് ടൈപ്പ് ടെസ്റ്റ് നടത്തിയിട്ടുള്ളതായി പി. എസ്. സി. അറിയിച്ചിട്ടുണ്ട്.

(ബി) 740 ഒഴിവുകളിലേയ്ക്ക്.

(സി, ഡി) വിവരം ശേഖരിച്ചു വരുന്നു.

നെടുമങ്ങാട് കേന്ദ്രമാക്കി ഫയർസ്റ്റേഷൻ

65 [1197] ശ്രീ. പാലോട് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് കേന്ദ്രമാക്കി ഒരു ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു;

(സി) ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ ഈ സാമ്പത്തിക വർഷം തന്നെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) സംസ്ഥാനത്ത് പുതുതായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള 30-3-1988-ലെ മുൻഗണനാ പട്ടികയിൽ 15-ാമതായും 24-7-1995-ൽ തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ 7-ാമതായും നെടുമങ്ങാട് ഫയർ സ്റ്റേഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഫയർസ്റ്റേഷൻ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സ്ഥലം, കെട്ടിടം എന്നിവ ലഭ്യമാക്കാൻ നെടുമങ്ങാട് മുനിസിപ്പാലിറ്റി സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. സാമ്പത്തിക ലഭ്യതക്ക് വിധേയമായി സ്ഥലം, കെട്ടിടം എന്നിവ ലഭ്യമാകുന്ന മുറയ്ക്ക്, ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്തെ ബധിര-മൂക കായിക താരങ്ങൾക്കായുള്ള സ്പോർട്സ് ഹോസ്റ്റൽ

66 [1198] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബധിര-മൂക കായികതാരങ്ങൾക്കായി സ്പോർട്സ് ഹോസ്റ്റൽ നിലവിലുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഗവൺമെൻറിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ ബധിര–മൂക കായികതാരങ്ങൾക്കായി സ്പോർട്സ് ഹോസ്റ്റൽ നിലവിലില്ല.

(ബി, സി) ഇത് സംബന്ധിച്ച ഒരു നിവേദനം സ്പോർട്സ് കൗൺസിലിൽ ലഭിച്ചിട്ടുണ്ട്. ബധിര–മൂക കായികതാരങ്ങൾക്കായി ഒരു സ്പോർട്സ് ഹോസ്റ്റൽ തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തൽക്കാലം പരിഗണനയിലില്ല.

ആലത്തൂരിൽ സ്പോർട്സ് സ്കൂൾ

67 [1200] ശ്രീ. എ. വി. ഗോപിനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂരിൽ അനുവദിച്ച സ്പോർട്സ് സ്കൂളിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) സംസ്ഥാനത്ത് ആലത്തൂർ ഉൾപ്പെടെ പുതുതായി 3 (മൂന്ന്) സ്പോർട്സ് സ്കൂളുകൾ ആരംഭിക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ അവയുടെ ഭരണ നിയന്ത്രണത്തെ സംബന്ധിച്ച് തീരുമാനമായിട്ടില്ല. ആയതിനാൽ അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു.

കെ.എസ്.ആർ.ടി.സി. ബസ്സുകൾ വിറ്റതിലെ ക്രമക്കേടുകൾ

68 [1210] ശ്രീ. ലോനപ്പൻ നമ്പാടൻ:
,, ടി. കെ. രാമകൃഷ്ണൻ:
,, വി. ജെ. തങ്കപ്പൻ:
,, എ. പത്മകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗതാഗത വകുപ്പ് മന്ത്രിയുടെ കാലത്ത് കെ.എസ്.ആർ.ടി.സി.-യുടെ 1359 ബസ്സുകൾ വിറ്റതിൽ നടന്നതായി പറയപ്പെടുന്ന ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ബസ്സുകൾ വിൽപ്പന നടത്തിയതിൽ കോർപ്പറേഷന് എന്ത് തുകയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) എന്ത് വിലയ്ക്കാണ് ഓരോ ബസ്സും ലേലത്തിന് പോയിട്ടുള്ളതെന്ന വിവരവും ബസ്സുകൾ ലേലത്തിൽ പിടിച്ചവരുടെ പേരു വിവരവും അടങ്ങുന്ന ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) ബസ് വിൽപ്പനയിൽ ക്രമക്കേട് നടത്തിയിട്ടുണ്ടോയെന്ന് അന്വേഷണം നടത്താൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly